# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 12, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 363)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | 958 മുതൽ 1107 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | 1108 മുതൽ 1179 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | 1180 മുതൽ 1229 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | 1230 മുതൽ 1320 വരെ |

## വിദ്യാഭ്യാസ വകുപ്പിലെ കേന്ദ്രാവിഷ്കൃത ഫണ്ട്

958 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ സാമ്പത്തികവർഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കേന്ദ്രം അനുവദിച്ച തുക എത്ര; തുക മുഴുവനും ലഭിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കേന്ദ്രഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സമഗ്രവിദ്യാഭ്യാസ പദ്ധതി</u>

959 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽപ്പെടുത്തി 2013-14 അധ്യയനവർഷത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം തരത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നേതൃത്വം നൽകി എന്ന് വ്യക്തമാക്കാമോ;

(സി) 2014-15 അധ്യയന വർഷത്തിൽ സമഗ്ര വിദ്യാഭ്യാസപദ്ധതി നടത്തിപ്പിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദാംശം നൽകാമോ;

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെയ്യുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പാഠ്യ പദ്ധതിപരിഷ്ക്കരണം</u>

960 ശ്രീ. വി.ഡി. സതീശൻ
'' പാലോട് രവി
'' എം.പി. വിൻസെന്റ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പാഠപുസ്തകങ്ങൾ ഏത് അദ്ധ്യയന വർഷം മുതൽ പുതുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പാഠ്യപദ്ധതി പരിഷ്ക്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തൽ

961 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും കൈവരിച്ച നേട്ടങ്ങൾ എന്തെക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സാങ്കേതിക -പ്രൊഫഷണൽ വിദ്യാഭ്യാസ രംഗങ്ങൾ കൂടുതൽ മെച്ചെപ്പെടുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ആഗോള കേന്ദ്രമായി ഉയർത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഗവൺമെന്റ് സ്കൂളുകളുടെ നിലവാരം ഉയർത്തൽ

962 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സീമാറ്റ് - ഡയറ്റ് പഠന റിപ്പോർട്ട്</u>

963 ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഗീതാഗോപി
ശ്രീ. വി. ശശി
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്) ഡയറ്റുമായി ചേർന്ന് തയ്യാറാക്കിയ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പുതിയ പാഠ്യ പദ്ധതിയിൽ സർക്കാർ ഉപേക്ഷിച്ച പ്രശ്നാധിഷ്ഠിത ബോധന രീതിയെ പ്രസ്തുത റിപ്പോർട്ട് അനുകൂലിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രീതി അംഗീകരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

## സ്കൂളുകൾക്ക് ഗ്രേഡിംഗ്

964 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയിഡഡ് സ്കൂളുകൾക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഗ്രേഡിംഗിന് വേണ്ടി സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സ്കൂളുകളുടെ ആവശ്യങ്ങൾ വിലയിരുത്തി ശാസ്ത്രീയമായ വികസനരേഖ തയ്യാറാക്കുന്നതിനും അതിനനുസരിച്ച് തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

എൽ.എസ്.എസ്., യു.എസ്.എസ്., സ്കോളർഷിപ്പ്

965 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്., സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ ഇത്വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വളരെ തുച്ഛമായ തുക സ്കോളർഷിപ്പായി നൽകുന്ന രീതി കാലോചിതമായി പരിഷ്ക്കരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

എസ്.എസ്.എൽ.സി. മൂല്യനിർണ്ണയത്തിലെ അപാകത

966 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയത്തിൽ അപാകതകൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂല്യനിർണ്ണയത്തിലെ അപാകത മൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന മാനസിക വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മൂല്യനിർണ്ണയ ക്യാമ്പിലെത്തുന്ന അധ്യാപകർക്ക് മൂല്യനിർണ്ണയ അപാകത ഒഴിവാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ</u>

967 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പൊതുവിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ടോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഈ വിധം നടപ്പാക്കാൻ കഴിയാതെ പോയത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>2013 -14 വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച തുക</u>

968 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുകയെത്രയായിരുന്നു;

(ബി) വകയിരുത്തിയ തുകയിൽ നിന്ന് എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ലെങ്കിൽ കാരണം വിശദമാക്കാമോ; ഏതെല്ലാം പദ്ധതികൾക്കുള്ള തുകയാണ് ലാപ്സായത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഏകാധ്യാപക വിദ്യാലയങ്ങൾ</u>

969 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാധ്യാപക വിദ്യാലയങ്ങൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇവ എൽ.പി. സ്കൂളുകളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഏകാധ്യാപക വിദ്യാലയങ്ങൾ</u>

970 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏകാധ്യാപക വിദ്യാലയങ്ങൾ പ്രൈമറി സ്കൂളുകളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ടിന്റെ വിനിയോഗം</u>

971 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം എസ്.എസ്.എ. വഴി ചെലവഴിച്ച ഫണ്ട് എത്രയാണെന്ന് വിശദമാക്കാമോ; ഇതിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര;

(ബി) കേന്ദ്രം അനുവദിച്ച എസ്.എസ്.എ. ഫണ്ട് എത്രയായിരുന്നു; അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച എസ്.എസ്.എ. ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ടിന്റെ വിനിയോഗം</u>

972 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക മുഴുവൻ ചെലവഴിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എസ്.എസ്.എ. പദ്ധതി പ്രകാരം 2011-12 അദ്ധ്യയന വർഷം സംസ്ഥാനത്തിന് കേന്ദ്രം എത്ര കോടി രൂപ അനുവദിച്ചു; എത്ര കോടി രൂപ ലഭിച്ചു; എത്ര കോടി രൂപ ചെലവഴിച്ചു; എത്ര കോടി രൂപ ചെലവഴിക്കാതെ ലാപ്സാക്കി എന്നിവ വ്യക്തമാക്കുമോ;

(ഡി) 2012 – 13, 2013– 14 എന്നീ അദ്ധ്യയനവർഷങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്രം സംസ്ഥാന സർക്കാരിന് ഓരോ വർഷത്തിലും എത്ര കോടി രൂപ അനുവദിച്ചു; എത്ര കോടി രൂപ ലഭിച്ചു; എത്ര കോടി രൂപ ചെലവഴിച്ചു; എത്ര കോടി രൂപ ചെലവഴിക്കാതെ ലാപ്സാക്കി; വിശദാംശം വ്യക്തമാക്കുമോ;

(ഇ) എസ്.എസ്.എ. പദ്ധതിക്കായി 2014 – 15 അദ്ധ്യയന വർഷം എത്ര കോടി രൂപ അനുവദിച്ചു; ആയതിൽ നാളിതുവരെ എത്ര കോടി തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(എഫ്) സ്കൂളുകളിലെ നിർമ്മാണപ്രവർത്തനങ്ങളുടെയും അറ്റകുറ്റപ്പണികളുടെയും പേരിൽ എസ്.എസ്.എ. യുടെ പണം വൻ തോതിൽ വക മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

(ജി) പഠനം സുഗമമാക്കുന്നതിനുള്ള വർക്ക്ഷീറ്റുകളും, പാഠപുസ്തകവുമായി ബന്ധപ്പെട്ടവർക്ക് കിറ്റുകളും, മറ്റും അച്ചടിക്കുന്നതിന്റെ പേരിൽ അഴിമതി നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അഴിമതി നടത്തുന്ന എസ്.എസ്.എ. യിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ</u>

973 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം എന്ത് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2009-10 വർഷം മുതൽ 2013-14 വർഷംവരെ കേന്ദ്ര-സംസ്ഥാന വിഹിതം തിരിച്ച് ഓരോ വർഷവും നീക്കിവച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) ഓരോ 7-10 കിലോമീറ്ററിനുള്ളിൽ ഒരു ഹയർ സെക്കണ്ടറി സ്ക്കൂൾ എങ്കിലും സ്ഥാപിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ഡി) പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സ് നൽകുന്നതിനായി 2009-10 മുതൽ ഓരോ വർഷവും ചെലവഴിച്ച തുക, ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലെ എത്ര കുട്ടികൾക്ക് പ്രത്യേക ക്ലാസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്‍ പദ്ധതി</u>

974 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ 'രാഷ്ട്രീയ മാധ്യമിക്' ശിഷാ അഭിയാന്‍ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സര്‍ക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയും കേന്ദ്രവിഹിതവും വാര്‍ഷികാടിസ്ഥാനത്തില്‍ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയില്‍ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ഈ സര്‍ക്കാര്‍ നടപ്പിലാക്കിയിട്ടുള്ളത്; ആയതിനായി ചെലവഴിച്ച സംസ്ഥാന ഫണ്ടും കേന്ദ്രവിഹിത വിവരവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഐ. ടി. അറ്റ് സ്കൂൾ

975 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പ്രവർത്തനം ഏതെങ്കിലും രീതിയിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഐ. ടി. അറ്റ് സ്കൂൾ പ്രവർത്തനത്തിലെ ഫണ്ട് വിനിയോഗം ഓഡിറ്റിന് വിധേയമാണോ ; വിധേയമാണെങ്കിൽ ഏത് ഏജൻസിയാണ് ഓഡിറ്റ് ചെയ്യുന്നത് ;

(സി) ഐ. ടി. അറ്റ് സ്കൂൾ പദ്ധതി നടപ്പിലാക്കാനാവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ വസ്തുക്കൾ എന്നിവ വാങ്ങാൻ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; ജില്ലാതലത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഇതിന്റെ മാത്രം പ്രത്യേകം ചുമതല നൽകിയിട്ടുണ്ടോ ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676</u>

976 ശ്രീ. ജോസഫ് വാഴക്കൻ
'' വി. പി. സജീന്ദ്രൻ
'' ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്ത് പുതുകാൽവെയ്പിനായി 'മിഷൻ 676' പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളേയും ഏജൻസികളേയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

മിഷൻ -676

977 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' പദ്ധതികളുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിന് സർക്കാരിൽ നിന്നും എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>സിക്ക്-13 പദ്ധതി</u>

978 ശ്രീ. കെ. ശിവദാസൻ നായർ
,, ഷാഫി പറമ്പിൽ
,, വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിക്ക്-13 പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കൂടുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലകൾ കണ്ടെത്തുന്നതിനുള്ള സംരംഭത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഏതെല്ലാംതരം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>മദ്രസ നവീകരണ പദ്ധതി</u>

979 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ നവീകരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പ്രസ്തുത പദ്ധതി തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; കേന്ദ്ര സഹായത്തിനായി ആവശ്യപ്പെട്ട തുക എത്രയായിരുന്നു; വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ; പദ്ധതിയ്ക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പദ്ധതിപ്രകാരം കേന്ദ്ര ഗവൺമെന്റ് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുക ഏതെല്ലാം വിധത്തിൽ വിനിയോഗിക്കുകയുണ്ടായി; വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിലെ വ്യവസ്ഥകൾ പ്രകാരം തന്നെ പണം ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം</u>

980 ശ്രീ. ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമ്മേളനത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്തത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സമ്മേളനത്തിൽ എന്തെല്ലാം കാര്യങ്ങൾ അംഗീകരിച്ചു; വിശദമാക്കാമോ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>അധ്യാപക പാക്കേജ്</u>

981 ശ്രീ. പി.എ. മാധവന്‍
,, പാലോട് രവി
,, കെ. അച്ചുതന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അധ്യാപക പാക്കേജിന് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അധ്യാപക പാക്കേജുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(സി) പാക്കേജിലെ പ്രധാന വിഷയങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരത്തിനുള്ള അപേക്ഷകൾ</u>

982 ശ്രീ. കെ.വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ-എയ്ഡഡ് സി.ബി.എസ്.ഇ. സ്കൂളുകൾക്കും അൺ എയ്ഡഡ് സ്റ്റേറ്റ് സിലബസ് സ്കൂളുകൾക്കും അംഗീകാരം ലഭിക്കുന്നതിലേക്ക് സർക്കാരിന് ഇതിനകം ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് അൺഎയ്ഡഡ് സി.ബി.എസ്.ഇ. സ്കൂളുകൾ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നത് എത്രയാണ്; അൺഎയ്ഡഡ് സ്റ്റേറ്റ് സിലബസ് സ്കൂളുകൾ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നത് എത്രയാണ്;

(സി) എത്ര ഇത്തരം വിദ്യാലയങ്ങൾ സംസ്ഥാനത്ത് ആദായകരമല്ലാതെ അടച്ചുപൂട്ടൽ ഭീഷണിയിലാണ്; എത്ര അധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെടാനിടയുണ്ട്;

(ഡി) സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണിയിലും അധ്യാപകർ തൊഴിൽ നഷ്ടപ്പെടുന്ന ഭീഷണിയിലും കഴിയുമ്പോഴും സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്രൊട്ടക്റ്റഡ് അധ്യാപകർ</u>

983 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2001, 2006, 2011 വർഷങ്ങളിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ</u>

984 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഏതു വർഷം വരെ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്കാണ് പ്രൊട്ടക്ഷൻ നിലവിലുള്ളത് ; സംസ്ഥാനത്ത് നിലവിൽ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ഉള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രൊട്ടക്ടറ്റഡ് അദ്ധ്യാപകരുടെ ശമ്പളം, നിയമനം എന്നിവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുന്ന അദ്ധ്യാപകർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇവരുടെ ശമ്പളം, നിയമനം എന്നിവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തുമോ ; പ്രൊട്ടക്ടഡ് അദ്ധ്യാപകരെയും ടീച്ചേഴ്സ് ബാങ്കിലെ അദ്ധ്യാപകരെയും പരിഗണിക്കുന്നത് ഒരേപോലെയാണോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ടീച്ചേഴ്സ് ബാങ്കിൽ നിലവിൽ എത്ര അദ്ധ്യാപകരാണ് ഉള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എഫ്) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ജി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണ് ; ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്രൊട്ടക്ട് ചെയ്യപ്പെട്ട അധ്യാപകരുടെ എണ്ണം</u>

985 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജോലി നഷ്ടപ്പെട്ട അധ്യാപകരെ പ്രൊട്ടക്ട് ചെയ്യുന്നതിന് ഗവൺമെന്റ് ആദ്യമായി പുറപ്പെടുവിച്ച ഉത്തരവ് ഏതായിരുന്നു; പകർപ്പ് ലഭ്യമാക്കാമോ;

(ബി) നാളിതുവരെ എത്ര അധ്യാപകരെ ഗവൺമെന്റ് ഉത്തരവുകൾ വഴി പ്രൊട്ടക്ട് ചെയ്യുകയുണ്ടായി; പ്രൊട്ടക്ട് ചെയ്യപ്പെട്ട അധ്യാപകരുടെ എണ്ണം വർഷം തിരിച്ച് വിശദമാക്കാമോ;

(സി) ഇപ്പോൾ ആദായകരമല്ലാത്തതായി കാണപ്പെട്ട വിദ്യാലയങ്ങളിൽ എല്ലാം കൂടി എത്ര അധ്യാപക/അനധ്യാപക ഇതര തസ്തികകൾ ഉണ്ട്; ഇവരെയെല്ലാം പ്രൊട്ടക്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സർക്കാർ എയിഡഡ് മേഖലയിലെ അദ്ധ്യാപകരുടെ എണ്ണം</u>

986 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 2013-14 അധ്യയന വർഷത്തെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം അനുസരിച്ച് സർക്കാർ എയിഡഡ് മേഖലകളിൽ എത്ര അദ്ധ്യാപകരുണ്ട് ;

(ബി) പ്രസ്തുത അനുപാത പ്രകാരം എത്ര അദ്ധ്യാപകർ അധികമായുണ്ട് ;

(സി) അധികമുള്ള അദ്ധ്യാപകരുടെ എണ്ണം സർക്കാർ, എയിഡഡ് വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ഡി) അധികമുള്ള അദ്ധ്യാപകരെ സംരക്ഷിത ഗണത്തിൽപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമുണ്ടാകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ലാഭകരമല്ലാത്ത സർക്കാർ സ്കൂളുകൾ</u>

987 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർമേഖലയിൽ ആദായകരമല്ലെന്ന് കണ്ടെത്തിയ എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആദായകരമല്ലാത്ത സ്കൂളുകൾ കണ്ടെത്തിയ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ആദായകരമല്ലാത്ത സ്കൂളുകളെ ആദായകരമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

അൺ ഇക്കണോമിക് വിദ്യാലയങ്ങൾ

988 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ ഭാഗമായി അൺ-ഇക്കണോമിക് വിദ്യാലയങ്ങളെ നിർവ്വചിക്കുന്നതിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് എത്ര അൺ-ഇക്കണോമിക് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം എയിഡഡ് വിദ്യാലയങ്ങളിൽ നിയമനങ്ങൾ നടത്താൻ മാനേജ്മെന്റിന് അധികാരമുണ്ടോ;

(ഡി) 100-ൽ താഴെ കുട്ടികളുള്ള വിദ്യാലയങ്ങളിൽ പുതിയ നിയമനങ്ങൾ നടത്താൻ തടസ്സമുണ്ടോ; എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവയിൽ പുതിയ നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ഇ) നിലവിൽ അധ്യാപകരെ നിയമിച്ച അൺ-ഇക്കണോമിക് വിദ്യാലയങ്ങളിലെ നിയമനാംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>അൺ-ഇക്കണോമിക് സ്കൂളുകൾ</u>

989 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 അധ്യയന വർഷത്തിൽ എത്ര സർക്കാർ, എയ്ഡഡ് സ്കൂളുകളെയാണ് അൺ-ഇക്കോണമിക് ആയി കണ്ടെത്തിയിട്ടുള്ളത്; എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങളായി ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15 അധ്യയന വർഷത്തിൽ അൺ-ഇക്കണോമിക് ആയി എത്ര സ്കൂളുകളെയാണ് കണ്ടെത്തിയിട്ടുള്ളത്. എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്.എസ് വിഭാഗങ്ങളായി ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(സി) 2011-12 ൽ എത്ര അധ്യാപകരെയാണ് അധികമെന്ന് കണ്ടത്തിയിരുന്നത്; എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങളിലായി ജില്ല തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) 2014-15 ലെ ഫിക്സേഷനുശേഷം (ഏപ്രിൽ 2014) എത്ര അദ്ധ്യാപകരെയാണ് അധികമെന്ന് കണ്ടെത്തിയിട്ടുള്ളത്; എൽ. പി., യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങളിലായി ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(ഇ) 2011 ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; സി. ബി. എസ്. ഇ, സ്റ്റേറ്റ് സിലബസ് പ്രകാരമുള്ള എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) പുതിയ അൺഎയ്ഡഡ് സ്കൂളുകൾക്കുള്ള എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; സി. ബി. എസ്. ഇ, സ്റ്റേറ്റ് സിലബസ് പ്രകാരമുള്ള എൽ. പി,യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് നൽകുമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

(ജി) പുതിയ അൺഎയ്ഡഡ് സ്കൂളുകൾക്കുള്ള അപേക്ഷയുടെ കാര്യത്തിലുള്ള സമീപനമെന്തെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ആദായകരമല്ലാത്ത പൊതുവിദ്യാലയങ്ങൾ</u>

990 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-07 വിദ്യാഭ്യാസ വർഷത്തിലെ ആദായകരമല്ലാത്ത പൊതുവിദ്യാലയങ്ങളുടെ കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) 2010-11 ലെ ഈ കണക്ക് വ്യക്തമാക്കുമോ ;

(സി) 2014-ലെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ആദായകരമല്ലാത്ത പൊതു വിദ്യാലയങ്ങളുടെ എണ്ണം എത്രയായി വർദ്ധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ആദായകരമല്ലാത്ത പൊതുവിദ്യാലയങ്ങൾ</u>

991 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ആദായകരമല്ലാത്തതായി കണ്ടെത്തപ്പെട്ട പൊതുവിദ്യാലയങ്ങളുടെ എണ്ണം വിശദമാക്കുമോ ; സർക്കാർ സ്കൂളുകൾ എത്ര ; എയ്ഡഡ് സ്കൂളുകൾ എത്ര ;

(ബി) പ്രസ്തുത സ്കൂളുകളിൽ ആകെ എത്ര അദ്ധ്യാപക/ അനദ്ധ്യാപക/ ഇതര തസ്തികകൾ ഉണ്ട് ;

(സി) പിന്നിട്ട ഓരോ വർഷങ്ങളിലും എത്ര സ്കൂളുകൾ വീതം ആദായകരമല്ലാതായിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ ആദായകരമല്ലാത്ത സ്കൂളുകൾ

992 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളെ ആദായകരമായവയെന്നും ആദായകരമല്ലാത്തതെന്നും വേർതിരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകൾ നിലവിലുണ്ട്; എൽ.പി, യു.പി, എച്ച്.എസ്. എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ ആദായകരല്ലാത്ത എത്ര സ്കൂളുകൾ ഉണ്ട്; അവയുടെ പേരുസഹിതം വിശദമാക്കാമോ;

(ഡി) ആദായകരമല്ലാത്ത ഏതെങ്കിലും സ്കൂളുകൾ അമ്പലപ്പുഴ മണ്ഡലത്തിൽ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ</u>

993 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ കുറവുമൂലം വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്ന അവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം എത്ര വിദ്യാലയങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വിദ്യാലയങ്ങൾ സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പഠന പരിശീലന നിലവാരം ഉയർത്തി ഇത്തരം വിദ്യാലയങ്ങൾ നിലനിർത്താൻ നടപടികൾ സ്വീകരിക്കുമോ; എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ സ്കൂളുകളുടെ അംഗീകാരം</u>

994 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര സ്വകാര്യ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എതിൽ എത്ര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. മറ്റ് അൺ എയ്ഡഡ് സ്കൂളുകളുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

995 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കായി അദ്ധ്യാപക പാക്കേജ് എന്നാണ് നിലവിൽ വന്നത്; അദ്ധ്യാപക പാക്കേജ് പ്രഖ്യാപിക്കാനുള്ള കാരണം വ്യക്തമാക്കുമോ; അദ്ധ്യാപക പാക്കേജ് എന്നുമുതലാണ് നടപ്പാക്കിവരുന്നത്; അദ്ധ്യാപക പാക്കേജു മൂലം പ്രയോജനം ലഭിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക പാക്കേജ് നടപ്പാക്കുമ്പോൾ ഇത് നടപ്പിലാക്കുന്ന തീയതിക്കുശേഷമുണ്ടാകുന്ന ദീർഘകാല അവധി ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ദിവസവേതന അടിസ്ഥാനത്തിൽ ശമ്പളം നൽകിയാൽമതി എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) ഈ തീയതിക്കുമുമ്പ് സർവ്വീസിൽ വരികയും ഇപ്പോഴും സർവ്വീസിൽ തുടരുകയും സ്കെയിൽ ഓഫ് പേയിൽ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന 51 എ, 43 ക്ലെയിമന്റുകളെ പ്രസ്തുത ഉത്തരവ് എപ്രകാരം ബാധിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ തുടരുന്നവരുടെ വേക്കൻസിയുടെ കാലാവധി അവസാനിക്കുകയും തുടർന്ന് ലീവിന് അപേക്ഷിക്കുന്നവർക്ക് ആയത് നീട്ടികിട്ടുകയും ചെയ്യുന്ന അവസ്ഥയിൽ, ലീവ് വേക്കൻസിയിൽ തുടരുന്നവർക്ക് പുതിയ നിയമത്തിൽനിന്നും എക്സംപ്ഷൻ നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിയമം ഇവരെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ഇ) സ്കെയിൽ ഓഫ് പേയിൽ തുടരുന്നവരെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ; അല്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദീകരണകുറിപ്പ് ബന്ധപ്പെട്ടവർക്ക് നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നുതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>പ്രൊട്ടക്ടഡ് അധ്യാപകർ</u>

996 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ആകെ എത്ര പ്രൊട്ടക്ട്ഡ് അദ്ധ്യാപകരുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) എൽ.പി./യു.പി./ഹൈസ്കൂൾ എന്നിവ തരം തിരിച്ച് പ്രൊട്ടക്ട്ഡ് അദ്ധ്യാപകരുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ:

(സി) ഇതിനകം എത്ര അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ പീരിയഡ്</u>

997 ശ്രീ. കെ.എൻ.എ.ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ പീരിയഡുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം കുട്ടികൾക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) അപ്രകാരം ലഭിച്ച പരാതികൾക്ക് മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>സർക്കാർ സ്കൂളുകളിലെ ഒന്നാം ക്ലാസ് പ്രവേശനം</u>

998 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്രയായിരുന്നു.;

(ബി) നടപ്പ് അധ്യയനവർഷത്തെ കണക്ക് ലഭ്യമായിട്ടുണ്ടോ;

(സി) സർക്കാർ സ്കൂളുകളിൽ ഒന്നാം തരത്തിൽ പ്രവേശിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് അധ്യയന വർഷങ്ങളിലെ കണക്ക് ലഭ്യമാക്കാമോ;

(ഡി) ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ശ്രവണസഹായി വാങ്ങുന്നതിനു വിളിച്ച ടെണ്ടർ</u>

999 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം എസ്.എസ്.എ ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ;

(സി) ശ്രവണശേഷിയില്ലാത്ത കുട്ടികൾക്ക് ശ്രവണസഹായി വാങ്ങിനൽകുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ; ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്; ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കമ്പനി ഏതായിരുന്നു; പ്രസ്തുത കമ്പനിക്കുതന്നെയാണോ വിതരണത്തിന് അനുമതി നൽകിയത്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭിന്നശേഷിയുള്ള കുട്ടികൾക്കായി റിസോഴ്സസ് സെന്ററുകൾ</u>

1000 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സസ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഏതെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരിക, മാനസിക ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങൾ

1001 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായുള്ള സഹായ ഉപകരണങ്ങളുടെ വിതരണ ചുമതല ഏത് ഏജൻസിക്കാണ് ഈ വർഷം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് ഏതെല്ലാം ഉപകരണങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പഠന സഹായ ഉപകരണങ്ങൾ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള
സ്വകാര്യ വിദ്യാലയങ്ങൾ

1002 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന എത്ര സ്വകാര്യ വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം എയ്ഡഡ് സ്കൂൾ ആക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്; ഇവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നതിന് പ്രത്യേകം അപേക്ഷ ക്ഷണിച്ച സ്കൂളുകളിൽ നിന്നും എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ സ്വകാര്യ സ്കൂളുകളെ എയ്ഡഡ് ആക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം പദ്ധതി</u>

1003 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഏർപ്പെടുത്തിയ സൗജന്യ യൂണിഫോം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ;

(ബി) അധ്യയന വർഷം ആരംഭിച്ചിട്ടും വിവിധ ഉപജില്ലകളിൽ ഇതു സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊച്ചുകുട്ടികൾക്ക് വർഷാരംഭത്തിൽ തന്നെ യൂണിഫോം നൽകുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം</u>

1004 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>സൗജന്യയൂണിഫോം, പാഠപുസ്തക വിതരണം</u>

1005 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
'' കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷത്തിൽ സൗജന്യ യൂണിഫോം പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ വർഷം എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും, കഴിഞ്ഞ അദ്ധ്യയന വർഷം അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ അദ്ധ്യയന വർഷത്തിൽ എത്ര കാലത്തിനുള്ളിൽ യൂണിഫോമും, പാഠ പുസ്തകങ്ങളും വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം വിതരണം</u>

1006 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വര്‍ഷം ഹൈസ്കൂള്‍ തലം വരെയുള്ള വിദ്യാര്‍ത്ഥികള്‍ക്ക് സൗജന്യമായി യൂണിഫോം തുണി ലഭ്യമാക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കില്‍ എന്ത് കൊണ്ടാണ് സൗജന്യ യൂണിഫോം വിതരണം നടക്കാതെ പോയത് ;

(സി) ചില വിദ്യാലയങ്ങളില്‍ വേനലവധിക്കാലത്ത് കുട്ടികള്‍ക്ക് പോയ വര്‍ഷം നല്‍കേണ്ട യൂണിഫോം വിതരണം ചെയ്തതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കില്‍ ഇതിന് ഉത്തരവാദിയായവര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) സൗജന്യ യൂണിഫോം വിതരണ പദ്ധതി ഈ അദ്ധ്യയന വര്‍ഷം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>സൗജന്യ സ്കൂൾ യൂണിഫോം</u>

1007 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യയൂണിഫോം നൽകിയ വകയിൽ 2013-14 സാമ്പത്തികവർഷം എത്ര തുക ചെലവഴിച്ചു;

(ബി) യൂണിഫോം എന്നാണ് സ്കൂളുകളിൽ ലഭ്യമാക്കിയത്;

(സി) എത്ര വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകി;

(ഡി) 2014-15 വർഷത്തിൽ എത്ര കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകാനാണ് ലക്ഷ്യമിടുന്നത്;

(ഇ). അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(എഫ്) 2014 ജൂൺ 15-നകം യൂണിഫോം വിതരണം ചെയ്യുവാൻ കഴിയുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ സൗജന്യ യൂണിഫോം വിതരണം</u>

1008 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-2014 അദ്ധ്യയനവർഷത്തിൽ എത്ര വിദ്യാർത്ഥികൾക്ക് ഏതൊക്കെ കാലയളവിൽ സൗജന്യ യൂണിഫോം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ;

(സി) 2014-2015 അദ്ധ്യയനവർഷത്തിൽ എത്ര ലക്ഷം വിദ്യാർത്ഥികൾക്ക് ഏതു തീയതിക്കുള്ളിൽ സൗജന്യ യൂണിഫോം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായി എന്തു തുക നീക്കിവച്ചെന്ന് വിശദമാക്കാമോ;

(ഇ) യൂണിഫോം വിതരണം ചെയ്യാൻ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും ഏൽപ്പിച്ച ഏജൻസികളേതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം വിതരണം</u>

1009 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2013-14 അദ്ധ്യയനവർഷം യൂണിഫോം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഒരു കുട്ടിക്ക് രണ്ട് യൂണിഫോം നൽകുന്നതിന് തയ്യൽകൂലിയടക്കം എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) യൂണിഫോം ഇനത്തിൽ 400 രൂപയ്ക്ക് പകരം പ്രധാനാദ്ധ്യാപകർക്ക് 183 രൂപയാണ് ലഭിച്ചതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 2014-15 അദ്ധ്യയനവർഷം എയ്ഡഡ് വിദ്യാലയങ്ങളിൽ യൂണിഫോം വിതരണം നടത്തുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; അദ്ധ്യയന വർഷാരംഭത്തിൽതന്നെ യൂണിഫോം വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>യു. ഐ. ഡി. പ്രകാരമുള്ള തസ്തിക നിർണ്ണയം</u>

1010 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ യു.ഐ.ഡി പ്രകാരം തസ്തിക നിർണ്ണയം പൂർത്തീകരിച്ചോ; ഇതുപ്രകാരം തസ്തിക നഷ്ടപ്പെട്ട് ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകർ എത്ര; തസ്തിക തിരിച്ച്, റവന്യൂ ജില്ല തിരിച്ച് വിശദമായി വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സ്കൂളുകളിൽ തസ്തിക നിർണ്ണയം പൂർത്തിയായതിനു ശേഷം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകർ എത്ര; തസ്തിക തിരിച്ച്, സ്കൂൾ തിരിച്ച് വിശദമായി വ്യക്തമാക്കുമോ;

(സി) തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ ജോലി സുരക്ഷിതത്വം ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ ശമ്പളം ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>അൺ എയ്ഡഡ് സ്കൂളുകൾക്കുള്ള അംഗീകാരം</u>

1011 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ അംഗീകാരത്തിന് വേണ്ടി എത്ര അൺ എയ്ഡഡ് സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും താലൂക്ക് തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകുക വഴി എത്ര പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടേണ്ടിവരുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതിനകം അടച്ചുപൂട്ടൽ ഭീഷണിയിലായിരിക്കുന്ന പൊതുവിദ്യാലയങ്ങൾ, സർക്കാർ എയ്ഡഡ് സ്കൂളുകൾ എന്നിവ എത്രയാണെന്നും അവിടങ്ങളിലെ അദ്ധ്യാപകർ എത്രയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളുടെ അടച്ചുപൂട്ടൽ</u>

1012 ശ്രീ. ഇ. പി. ജയരാജൻ
,, എ. പ്രദീപ്കുമാർ
,, പുരുഷൻ കടലുണ്ടി
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾക്ക് സ്കൂൾ സ്വമേധയാ അടച്ചുപൂട്ടി പ്രവർത്തനം അവസാനിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) സ്വകാര്യ സ്കൂളുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കോഴിക്കോട്ടെ മലാപ്പറമ്പ് സ്കൂൾ അടച്ചുപൂട്ടുന്നതിന് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയായിരുന്നോ ;

(ഡി) മലാപ്പറമ്പ് സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നോ ; എങ്കിൽ അനുമതി നൽകാനുണ്ടായ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) സ്കൂൾ ഇടിച്ചു നിരത്തുന്നതിന് അനുമതി നൽകിയിരുന്നോ ; ഇല്ലെങ്കിൽ സ്കൂൾ പൊളിച്ച മാനേജർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) കണ്ണായ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകൾ ഇടിച്ചുനിരത്തി വ്യാപാര സമുച്ചയങ്ങളും ഫ്ളാറ്റുകളും പണിയുന്നത് ശരിയായ നടപടിയാണെന്ന് കരുതുന്നുണ്ടോ;

(ജി) ഇത്തരം പ്രവർത്തനങ്ങൾ സാധാരണക്കാരായ സ്കൂൾ വിദ്യാർത്ഥികളുടെ പഠനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്കെതിരെയുള്ള തൊഴിൽപരവും മാനസികവുമായ പീഡനങ്ങൾ</u>

1013 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില സ്വകാര്യ സ്കൂൾ അദ്ധ്യാപകരെ മാനേജ്മെന്റ് തൊഴിൽപരമായും മാനസികമായും പീഡനം നടത്തുന്നതായ മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതികളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ സ്കൂൾ മാനേജ്മെന്റുകളുടെ പീഡനത്തിനെതിരെ പെരുമാറ്റച്ചട്ടം കൊണ്ടുവരാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളുടെ സുരക്ഷ</u>

1014 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്കൂൾ കുട്ടികളെ സ്കൂളിലെത്തിക്കുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം</u>

1015 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അൺഎയ്ഡഡ് സ്കുളുകളിലും ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കാനുള്ള നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

1016 ശ്രീ. പി. സി. വിഷ്ണുനാഥ്
'' ബെന്നി ബെഹനാൻ
'' വി. പി. സജീന്ദ്രൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

1017 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി പ്രകാരം നെന്മാറ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്; പ്രസ്തുത പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എ. എസ്. എ. പി. സ്കൂളുകളിൽ സ്കിൽപാർക്ക്</u>

1018 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.എസ്.എ.പി -യിൽ അധിക വൈദഗ്ദ്ധ്യ സമ്പാദന പദ്ധതിയനുസരിച്ച് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമോ;

(സി) നടപ്പുവർഷം തുടങ്ങുന്ന 28 സ്കിൽ പാർക്കുകൾ ഏതെല്ലാം വിദ്യാലയങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആറ്റിങ്ങൾ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ വിദ്യാലയങ്ങളെയാണ് സ്കിൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

എം. എൽ. എ-യ്ക്ക് ഉത്തരവിന്റെ പകർപ്പ് നിഷേധിച്ച സംഭവം

T1019 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി മണ്ഡലത്തിലെ കിടങ്ങൂർ കരയിൽ വാക്കേലി വീട്ടിൽ മനോജ് കുമാർ. ജി എന്നയാളുടെ എസ്. എസ്. എൽ.സി ബുക്കിലെ ജനനതീയതി തിരുത്തിക്കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്നതിനായി എം. എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ജി. സെക്ഷനിൽ നിന്ന് എം. എൽ. എ. യ്ക്കോ എം. എൽ. എ. യുടെ പി. എ. ക്കോ നൽകാതിരിക്കുകയും ഇതിന്റെ പേരിൽ പി. എ. യോട് അപമര്യാദയായി പെരുമാറുകയും ഉത്തരവിന്റെ പകർപ്പ് മറ്റു ചിലർക്ക് ലഭ്യമാക്കുകയും എം. എൽ. എ. യ്ക്കുള്ള പകർപ്പ് ആമുഖത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതിന്റെ പേരിൽ നിഷേധിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് 16.01.2014 ന് സമർപ്പിച്ചിരുന്ന പരാതിയിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അടൂർ വിദ്യാഭ്യാസ ജില്ലയ്ക്കുള്ള അനുമതി</u>

1020 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങളുടെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(സി) ഈ അദ്ധ്യയനവർഷം തന്നെ അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ഡി.ഡി.ഇ ഓഫീസിലെ അഴിമതി</u>

1021 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡി.ഡി.ഇ. ഓഫീസ് അഴിമതി സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളത്; ആയതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ആർ.എം.എസ്.എ. പദ്ധതി</u>

1022 ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത സ്കൂളിലെ അദ്ധ്യാപകർക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ നൽകിയ ഉത്തരവ് പ്രകാരം ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 5-ൽ കൂടുതൽ അദ്ധ്യപകരെ നിയമിച്ച പ്രസ്തുത സ്കൂളുകളിലെ വേതന പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) ജില്ലയിലെ എത്ര അദ്ധ്യാപകരാണ് വേതനം ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അൺ എയ്ഡഡ് സ്കൂളുകൾ</u>

1023 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സ്റ്റേറ്റ്, സി.ബി.എസ്.സി, ഐ.സി.എസ്.സി. സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര വിദ്യാർത്ഥികളാണ് പ്രസ്തുത മേഖലയിൽ പഠിക്കുന്നത്; പ്രസ്തുത മേഖലയിൽ എത്ര അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർ ജോലിചെയ്ത് വരുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പൊതുവിദ്യാലയങ്ങളുടെ എണ്ണം</u>

1024 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ പൊതുവിദ്യാലയങ്ങളുടെ എണ്ണം എത്ര;

(ബി) കുട്ടികളില്ലാത്തതിനെ തുടർന്ന് ആദായകരമല്ലാതെ മാറിയ പൊതുവിദ്യാലയങ്ങളുടെ എണ്ണം എത്ര;

(സി) ഒരു കുട്ടി പോലുമില്ലാത്ത സ്കൂളുകളുടെ എണ്ണം എത്ര; ഒരു കുട്ടി മാത്രമുള്ള സ്കൂളുകളുടെ എണ്ണമെത്ര; പത്തിൽ താഴെ കുട്ടികളുള്ള സ്കുളുകളുടെ എണ്ണമെത്ര;

(ഡി) അൻപതിൽ താഴെ കുട്ടികളുള്ള സ്കൂളുകളുടെ എണ്ണമെത്ര; സർക്കാർ/എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് പൊതുവിദ്യാലയങ്ങളിൽ എത്തിയ കുട്ടികളുടെ എണ്ണം എത്രയെന്ന് അദ്ധ്യയനവർഷം തിരിച്ച് വ്യക്തമാക്കുമോ; 2014-15 അദ്ധ്യയനവർഷം പ്രവേശനത്തിന് എത്തിയ കുട്ടികളുടെ എണ്ണമെത്ര;

(എഫ്) ഓരോ വർഷം കഴിയും തോറും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ജി) കഴിഞ്ഞ മൂന്നു വർഷത്തിനിടെ ഈ സർക്കാർ എത്ര അൺ എയ്ഡഡ് സി.ബി.എസ്.ഇ സ്കൂളുകൾക്കും, എത്ര സംസ്ഥാന സിലബസ് അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകി;

(എച്ച്) ഇപ്രകാരം അംഗീകാരം നൽകിയതുവഴി എത്ര പൊതുവിദ്യാലയങ്ങൾ നിലവിൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഒമ്പതാം ക്ലാസ്സിലെ കുട്ടികളുടെ തോൽവി

1025 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സിൽ നൂറു ശതമാനം വിജയം ലക്ഷ്യമിട്ട് ഒമ്പതാം ക്ലാസ്സിൽ വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒമ്പതാം ക്ലാസ്സിൽ തോൽപ്പിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര കുട്ടികൾ ആത്മഹത്യ ചെയ്തു; ഏതെല്ലാം സ്കൂളുകളിലെ കുട്ടികളാണ് ആത്മഹത്യ ചെയ്തത്; ഇതിൽ സർക്കാർ/എയ്ഡഡ് സ്കൂളുകൾ എത്രയെണ്ണം വീതമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകൾക്ക് എതിരെ വിദ്യാഭ്യാസ വകുപ്പ് എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) 2013-14 അദ്ധ്യയനവർഷത്തിൽ ഒമ്പതാം ക്ലാസ്സിൽ എത്ര കുട്ടികളെയാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ തോൽപ്പിച്ചത്; ഏതൊക്കെ സ്കൂളുകളിൽ, എത്ര കുട്ടികളെ വീതമാണ് തോൽപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഡിവിഷൻ നിലനിർത്താൻ പല സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കുട്ടികളെ ഒമ്പതാം ക്ലാസ്സിൽ തോൽപ്പിക്കുന്നു എന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>ജോലി നഷ്ടപ്പെടാനിടയുള്ള അദ്ധ്യാപകരുടെ സംരക്ഷണം</u>

1026 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ കുട്ടികൾ കുറവു വരുന്നതുമൂലം ജോലി നഷ്ടപ്പെടാനിടയുള്ള അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എത്ര അദ്ധ്യാപകരാണ് ഇത്തരത്തിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സംരക്ഷിത അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ഡി.ഡി.ഇ. ഓഫീസ് കേന്ദ്രീകരിച്ചുള്ള ക്രമക്കേടുകൾ</u>

1027 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡി.ഡി.ഇ. ഓഫീസ് കേന്ദ്രീകരിച്ചുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കുനിശ്ശേരി എൽ. പി. എസിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിലെ തടസ്സം</u>

1028 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കുനിശ്ശേരി ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച പരാതി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) കുനിശ്ശേരി ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) രക്ഷകർത്താക്കളുടെ ആശങ്ക പരിഹരിക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വൈപ്പിന്‍ മണ്ഡലത്തില്‍ നിന്ന് എസ്.എസ്.എല്‍.സി. പാസ്സായ വിദ്യാര്‍ത്ഥികള്‍</u>

1029 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ ഹൈസ്കൂളുകളില്‍ നിന്നും ഈ വര്‍ഷം പത്താം ക്ലാസു കഴിഞ്ഞ് ഉന്നത പഠനത്തിന് അര്‍ഹത നേടിയ വിദ്യാര്‍ത്ഥികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത പഠനത്തിന് അര്‍ഹത നേടിയ വൈപ്പിന്‍ മണ്ഡലത്തിലെ വിദ്യാര്‍ത്ഥികള്‍ക്ക് തുടര്‍പഠനം നടത്തുന്നതിന് ഏര്‍പ്പെടുത്തിയിരിക്കുന്ന സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

പുതുക്കാട് എച്ചിപ്പാറ ട്രൈബൽ സ്കൂളിന്റെ അപ്ഗ്രഡേഷൻ

1030 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ എച്ചിപ്പാറ ട്രൈബൽ സ്കൂൾ അപ്ഗ്രേഡ്ചെയ്യണമെന്ന;ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

സി ഉണ്ടെങ്കിൽ കോടതി നൽകിയ നിർദ്ദേശം എന്താണെന്ന് വിശദമാക്കാമോ;

ഡി കോടതി നിർദ്ദേശം അനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എറവക്കാട് ഒ.എം.എസ്. സ്കൂളിന്റെ അപ്ഗ്രഡേഷൻ</u>

1031 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിലെ എറവക്കാട് ഒ.എം.എസ്. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം
നൽകുന്നതിനുള്ള മാനദണ്ഡം</u>

1032 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കക്കയം ജി.എൽ.പി. സ്കൂൾ</u>

1033 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കക്കയം ജി.എൽ.പി. സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടവും സ്ഥലവും കെ.എസ്.ഇ.ബി. യുടേതായതിനാൽ ഗ്രാമപഞ്ചാത്തിന് നവീകരണ പ്രവർത്തനം നടത്താൻ കഴിയാത്ത സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂളിനുവേണ്ടി വൈദ്യുതി പദ്ധതി മേഖലയ്ക്കുപുറത്ത് സ്ഥലം ലഭ്യമാക്കിയതായി വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) പുതിയ ഭൂമിയിൽ സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ എസ്.എസ്.എ പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം നൽകാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

മലപ്പുറം പനങ്ങാങ്ങര യു.പി. സ്കൂളിന്റെ ശോച്യാവസ്ഥ

1034 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ പനങ്ങാങ്ങര ഗവണ്‍മെന്റ് യു. പി. സ്കൂള്‍, കാലപ്പഴക്കത്താല്‍ ദുര്‍ബലവും ദ്രവിച്ചതുമായ കെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ദ്രവിച്ച കെട്ടിടത്തിന് പകരം എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിര്‍മ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം</u>

1035 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച് സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ സ്കൂൾ മാനേജുമെന്റുകൾ വിമുഖത കാണിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) മിനിമം വേതനം സംബന്ധിച്ച സർക്കാർ ഉത്തരവ് നടപ്പാക്കാത്ത മാനേജുമെന്റുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ട്രാൻസ്ഫർ ഉത്തരവ് നടപ്പാക്കുന്നതിന് നടപടി

1036 ശ്രീ. ബി. ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ എച്ച്.എസ്.എ.യായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി ജാൻസി നീനക്കെതിരെ, കുട്ടികളുടെ പരാതിയുടെ അടിസ്ഥാനത്തിലും, ഡിപ്പാർട്ട്മെന്റ് താൽപര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന അദ്ധ്യാപിക എന്ന നിലയിലും, ട്രാൻസ്ഫർ ചെയ്ത് ഉത്തരവിറങ്ങി എങ്കിലും, ഇപ്പോഴും അവർ പ്രസ്തുത വിദ്യാലയത്തിൽ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ട്രാൻസ്ഫർ ഉത്തരവ് നടപ്പാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ലാറ്റിൻ കാത്തലിക് മാനേജ്മെന്റിലെ അധ്യാപകരുടെ നിയമനം അംഗീകരിയ്ക്കൽ</u>

1037 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ലാറ്റിൻ കാത്തലിക് മാനേജ്മെന്റ് ഒരു പ്രൊട്ടക്ടഡ് അധ്യാപകനെ നിയമിച്ചില്ലെന്ന കാരണത്താൽ പ്രസ്തുത മാനേജ്മെന്റിലെ ഏതാനും അധ്യാപകരുടെ നിയമനം അംഗീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 20.9.2008 മുതൽ ഒരു പ്രൊട്ടക്ടഡ് അധ്യാപകനെ നിയമിച്ചതായി 19.11.2013 ലെ GO(Rt) 4853/2013/G.Edn. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ആയത് പരിഗണിക്കാതെ മാനേജ്മെന്റിലെ ഏതാനും അധ്യാപകരുടെ നിയമനം അംഗീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിൻപ്രകാരം ഏതെങ്കിലും അധ്യാപകർക്ക് അപ്രൂവൽ നൽകിയിട്ടുണ്ടോ;

(ഡി) ലാറ്റിൻ കാത്തലിക് മാനേജ്മെന്റിൽ ജോലിചെയ്യുന്ന ഫിസിക്കൽ സയൻസ് അധ്യാപികമാരായ പ്രീതി ആർ.ദാനം, ബിന്ദു എന്നിവർക്ക് നിയമനം തടഞ്ഞുവച്ച കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിൻപ്രകാരം നിയമനം അംഗീകരിച്ച് ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

**മീനടത്തൂർ ഗവൺമെന്റ് യു.പി. സ്കൂളിലെ അദ്ധ്യാപക നിയമനം**

1038 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ മീനടത്തൂർ ഗവ. യു.പി. സ്കൂൾ ആർ.എം.എസ്.എ. സ്കീമിൽ ഉൾപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം ജനകീയ സഹകരണത്തോടെ എട്ടാം ക്ലാസ്സ് വരെ നിലവിൽ വന്ന പ്രസ്തുത വിദ്യാലയത്തിൽ ഈ വർഷം ഒമ്പതാം ക്ലാസ്സ് ആരംഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ സ്കൂളായി അംഗീകരിച്ചതിനാൽ ആവശ്യമായ അധ്യാപക-അനധ്യാപക ജീവനക്കാരെ ഈ അധ്യയന വർഷം തന്നെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ</u>

1039 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ഹയർസെക്കണ്ടറി സ്കൂൾ ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ ഏഴ് വർഷത്തിലധികമായി അനുവദിക്കപ്പെട്ടിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയ്ഡഡ് മേഖലയിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ ലഭിക്കുന്നതിന് ഇളവുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇളവുകൾ നൽകുന്നതിനുള്ള ഉത്തരവു ലഭ്യമാക്കുമോ;

(സി) സർക്കാർ ഹയർസെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർക്ക് നിർബന്ധിത ഡിപ്പാർട്ട്മെന്റ് പരീക്ഷ ഒഴിവാക്കി പകരം ഇൻ സർവ്വീസ് കോഴ്സ് നൽകണമെന്ന ശുപാർശ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയ്ക്ക് എയ്ഡഡ് മേഖല ഇളവ് നൽകുമ്പോൾ പി.എസ്.സി നടത്തുന്ന മത്സരപരീക്ഷയിലൂടെ നിയമിതരാകുന്ന സർക്കാർ ലാബ് അസിസ്റ്റന്റുമാർക്ക് ഇളവ് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭാഷാധ്യാപക തസ്തിക</u>

1040

ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഭേദഗതി വരുത്താനുള്ള നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഭാഷാധ്യാപക തസ്തികകൾ നിലനിർത്തുന്നതിനും, പുതിയ തസ്തികകൾ അനുവദിക്കുന്നതിനും ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) വിദ്യാലയങ്ങളിൽ ഭാഷാധ്യാപക തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസ് ഹൈസ്കൂളിലെ അദ്ധ്യാപക തസ്തിക</u>

1041 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസ് ഹൈസ്കൂളിലെ എൽ.പി., യു.പി വിഭാഗങ്ങളിലെ അദ്ധ്യാപക തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് കാരണം സ്കൂളിന്റെ പ്രവർത്തനത്തിന് പ്രതിസന്ധി നേരിടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെട്ടിക്കുറച്ച അദ്ധ്യാപക തസ്തികകൾ പുനസ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ്.ടി. സ്റ്റാറ്റിസ്റ്റിക്സ് അധ്യാപക ഒഴിവുകൾ</u>

1042 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി എച്ച്.എസ്.എസ്.ടി. സ്റ്റാറ്റിസ്റ്റിക്സ് ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബൈട്രാൻസ്ഫർ പ്രകാരം നികത്തപ്പെടുന്ന ഒഴിവുകളുടെ എണ്ണം എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) പി.എസ്.സി. വഴിയോ, ബൈട്രാൻസ്ഫർ പ്രകാരമോ അല്ലാതെ, റിപ്പോർട്ട് ചെയ്തിട്ടുള്ള. ഒഴിവുകളിൽ മറ്റേതെങ്കിലും തരത്തിൽ നിയമനം നടത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) എച്ച്.എസ്.എസ്.ടി. (സ്റ്റാറ്റിസ്റ്റിക്സ്) യിൽ പിന്നോക്ക വിഭാഗ സംവരണ പ്രകാരം നികത്തപ്പെടാതെ ഒഴിവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ഉണ്ടെങ്കിൽ ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തി ഒഴിവുകൾ നികത്തുന്നതിനുള്ള എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(ജി) എച്ച്.എസ്.എസ്.ടി. സ്റ്റാറ്റിസ്റ്റിക്സ് റാങ്ക് ലിസ്റ്റിൽ എത്രപേർക്ക് പി.എസ്.സി.അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണ്ണയം</u>

1043 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണ്ണയം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ; എത്ര അദ്ധ്യാപകർ അധികമായിട്ടുണ്ട്; യു.പി., എൽ.പി., ഹൈസ്ക്കൂൾ തലത്തിലെ കണക്ക് വ്യക്തമാക്കുമോ;

(ബി) അധിക അദ്ധ്യാപകരെ പുനർ വിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

എച്ച്.എസ്.എ. മലയാളം തസ്തിക - കൊല്ലം ജില്ല

1044 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ഏപ്രിൽ മാസത്തിൽ നടത്തിയ സ്റ്റാഫ് ഫിക്സേഷന് ശേഷം കൊല്ലം ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതു സ്ഥലംമാറ്റത്തിനുശേഷം ഏതെല്ലാം സ്കൂളുകളിലാണ് ഒഴിവുള്ളത് ;

(സി) പ്രസ്തുത തസ്തികയുടെ നേരിട്ടുള്ള നിയമനം, ബൈട്രാൻസ്ഫർ നിയമനം എന്നിവ വഴിയുള്ള റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ പി.എസ്.സി. ശുപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ലിസ്റ്റിൽ നിന്നും എത്രപേരെ ശുപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) നിയമന ശുപാർശ നൽകിയവർക്ക് നിയമനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് അവർക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

കെ. ഇ. ആർ. പ്രകാരമുള്ള തസ്തിക നിർണ്ണയം

1045 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ കെ. ഇ. ആർ. നിഷ്ക്കർഷിക്കും പ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വർഷത്തെ തസ്തിക നിർണ്ണയം പൂർത്തീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) അവസാന തസ്തിക നിർണ്ണയം ഏത് വർഷമായിരുന്നു. ഇതുപ്രകാരം സർക്കാർ എയ്ഡഡ് മേഖലയിൽ എത്ര പേരുടെ ജോലി നഷ്ടപ്പെട്ടു. എത്രപേർ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ടു; വിശദമാക്കുമോ;

(ഡി) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി സ്കൂളുകളിലെ റഷ്യൻ ഭാഷാധ്യാപകരുടെ നിയമനം</u>

1046 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര സ്കൂളുകളിലാണ് റഷ്യൻ ഭാഷ പഠിപ്പിക്കുന്നത്;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപകരുടെ തസ്തികകളാണ് ഉള്ളത്; ഇതിൽ എത്ര തസ്തികകൾക്കാണ് അനുമതി ഉള്ളത്;

(സി) പ്രസ്തുത തസ്തികകളിൽ നിലവിൽ ഉള്ള അദ്ധ്യാപകർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരത്ത് വെള്ളനാട് ഹയർ സെക്കന്ററി സ്കൂളിൽ റഷ്യൻ ഭാഷ പഠിപ്പിക്കുന്ന അധ്യാപിക എത്ര നാളായി പ്രസ്തുത സ്കൂളിൽ സേവനം നടത്തുന്നു; അദ്ധ്യാപിക ദിവസവേതനാടിസ്ഥാനത്തിലാണോ സേവനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) റഷ്യൻ ഭാഷാദ്ധ്യാപകരുടെ തസ്തികകളിലേയ്ക്ക് അവസാനമായി പി.എസ്.സി. വിജ്ഞാപനം നടത്തിയിട്ടുള്ളത് എന്നാണെന്ന് വ്യക്തമാക്കാമോ;

(എഫ്) വെള്ളനാട് ഹയർസെക്കന്ററി സ്കൂളിൽ വർഷങ്ങളായി സേവനം നടത്തുന്ന അദ്ധ്യാപികയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത അദ്ധ്യാപികയ്ക്ക് സ്ഥിര നിയമനം നൽകാനുള്ള തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(ജി) അല്ലെങ്കിൽ പി.എസ്.സി. വഴി പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

(എച്ച്) പ്രസ്തുത തസ്തികയ്ക്ക് അപേക്ഷിക്കാൻ പി.എസ്.സി. നിർദ്ദേശിച്ചിരിക്കുന്ന വയസ്സ് കഴിഞ്ഞവർക്ക് പരിഗണന നൽകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്ലസ് വൺ സീറ്റുകളുടെ എണ്ണം</u>

1047 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് ഒന്നിനു എത്ര സീറ്റുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പ് വർഷം എത്ര സീറ്റുകളാണ് അധികമായി അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

2013-14 അദ്ധ്യയന വർഷത്തെ ഒഴിഞ്ഞുകിടന്ന പ്ലസ് വൺ സീറ്റുകൾ

1048 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയന വർഷം സംസ്ഥാനത്ത് ഹയർ സെക്കന്ററിയിൽ എത്ര അധിക ബാച്ചുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; ഇത് ഏതെല്ലാം സ്കൂളുകളിലാണ് അനുവദിച്ചത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളിൽ പ്രവേശനം നല്കാതെ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞു കിടന്ന സീറ്റുകളുടെ എണ്ണം സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വിഭാഗങ്ങളിലായി ജില്ല തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പുതിയതായി അനുവദിച്ച പ്ലസ്ടു ബാച്ചുകൾ</u>

1049 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുവദിച്ച പുതിയ പ്ലസ്ടു ബാച്ചുകൾ എത്രയെന്ന് സർക്കാർ - എയ്ഡഡ് - അൺ എയിഡഡ് മേഖല തിരിച്ച് വിശദമാക്കുമോ;

(ബി) 2011 - ൽ അനുവദിച്ച ബാച്ചുകളിലെ അദ്ധ്യാപകരുടെ നിയമനം സ്ഥിരപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) പുതിയ ബാച്ചിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ആണ് പ്രതീക്ഷിക്കുന്നത്;

(ഡി) മാവേലിക്കര മണ്ഡലത്തിൽ നൂറു വർഷത്തോളം പൂർത്തിയായ 'കുന്നം എച്ച്.എസ്.എസ്.', 'ചുനക്കര എച്ച്.എസ്.എസ്'. എന്നിവയുടെ സൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ഇ) പ്രസ്തുത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുമോ; ആയതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(എഫ്) കുടശ്ശനാട് ഗവ. എസ്.വി.എച്ച്.എസ്.എസ്. ന് ലാബിന്റെ പ്രവർത്തനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫണ്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പുതിയ അഡീഷണൽ ബാച്ച്</u>

1050 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ഗവണ്മെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന് ഈ അധ്യയന വർഷം പുതിയ അഡീഷണൽ ബാച്ച് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ബാച്ച് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ ഹയർസെക്കന്ററി സ്കൂളിൽ പ്ലസ്ടുവിന് അധിക ബാച്ച്</u>

1051 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ മുഹമ്മദൻസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം കൊമേഴ്സ്, കമ്പ്യൂട്ടർ സയൻസ് എന്നിവയ്ക്ക് പ്ലസ്ടുവിന് അഡീഷണൽ ബാച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്ലസ്ടുവിന് അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ;

(സി) ആലപ്പുഴ ജില്ലയിൽ പത്താംക്ലാസ്സ് പാസ്സായി ഉപരിപഠനത്തിന് അർഹത നേടിയ എത്ര വിദ്യാർത്ഥികളുണ്ട്; ജില്ലയിൽ പത്താം ക്ലാസ്സ് കഴിഞ്ഞുള്ള ഉപരിപഠനം നടത്തുന്നതിന് എത്ര വിദ്യാർത്ഥികൾക്ക് സൗകര്യം ലഭ്യമാണ്; വിശദാംശം നൽകാമോ;

(ഡി) കർഷകരുടെയും, കർഷകതൊഴിലാളികളുടെയും, കയർതൊഴിലാളികളുടെയും, മത്സ്യതൊഴിലാളികളുടെയും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെയും കുടുംബങ്ങളിൽ നിന്നും വരുന്ന ജില്ലയിലെ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് ഗ്രൂപ്പുകൾ തെരഞ്ഞെടുക്കാൻ കഴിയുന്ന വിധം പ്ലസ്ടുവിന് അധിക ബാച്ചുകളും, പ്ലസ്ടു സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പ്ലസ്ടൂ കോഴ്സും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ പുതിയ ഡിവിഷൻ</u>

1052 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ കുട്ടികളുടെ വർദ്ധനവിനനുസരിച്ച് പുതിയ ഡിവിഷനുകൾ അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ അധ്യാപക ബാങ്കിലെ അധ്യാപകരെ ഉപയോഗിച്ചുകൊണ്ട് പ്രസ്തുത അധിക ഡിവിഷനുകൾക്ക് അധ്യാപകരെ നിയമിക്കുന്നതിന് സ്കൂൾ പി.ടി.എ. നൽകിയ അപേക്ഷ പരിശോധിച്ചിട്ടുണ്ടോ; അതിനനുസരിച്ച് തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

1053 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി-ബിരുദ തലത്തിൽ പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ നടത്തിവരുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ (അസാപ്) പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഹയർസെക്കന്ററി അധ്യാപകരുടെ ഒഴിവുകൾ

1054 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി അധ്യാപകരുടെ ജൂനിയർ-സീനിയർ തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇപ്പോൾ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) നിയമനനിരോധനം നിലവിലില്ലാതിരക്കുന്ന സാഹചര്യത്തിൽ വരാൻ പോകുന്ന ഒഴിവുകൾ കേരള പി.എസ്. സി. യിൽ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാരിന്റെ 02.03.13 ലെ 5755/എ.ഡി.വി.സി3/2013/പി. & എ. ആർ.ഡി. സർക്കുലറിലെ നിർദ്ദേശം അവഗണിച്ചുകൊണ്ട് ഹയർസെക്കണ്ടറി ഡയറക്ട്രേറ്റിലെ പ്രസ്തുത ഒഴിവുകൾ പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാതിരുന്ന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്;

(ഡി) നിലവിലുള്ള പ്രസ്തുത ഒഴിവുകളുടെ എണ്ണം പി.എസ്. സി. ക്ക് ഉടൻ റിപ്പോർട്ട് ചെയ്യുവാനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഈ ഒഴിവുകൾ പൂർണ്ണമായി നികത്തുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്ലസ് വൺ പ്രവേശനം</u>

1055

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ബി. സത്യൻ
,, എ. എം. ആരിഫ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 ലെ എസ്.എസ്.എൽ.സി. പരീക്ഷാഫലം നേരത്തേ തന്നെ പ്രഖ്യാപിച്ചിട്ടും പ്ലസ് വൺ പ്രവേശനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഏപ്രിൽ 16 ന് എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം വന്നിട്ടും പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് മെയ് അവസാന വാരത്തിലേക്ക് നീട്ടിയത് സി.ബി.എസ്.ഇ. ഫലപ്രഖ്യാപനം വരാൻ കാത്തിരുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷാ ഫീസ് ഈടാക്കുന്നുണ്ടോ; എത്ര തുകയാണ് അപേക്ഷാഫീസായി സ്വീകരിക്കുന്നത്; പ്രസ്തുത തീരുമാനം സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അധിക ബാച്ചുകൾ അനുവദിക്കാൻ വൈകുന്നത് വിദ്യാർത്ഥികൾക്ക് ഇഷ്ടപ്രകാരമുള്ള കോഴ്സും സ്കൂളും തെരഞ്ഞെടുക്കാനുള്ള അവകാശത്തെ എതിരായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>പ്ലസ് വൺ പ്രവേശനത്തിനുള്ള ഓൺലൈൻ സംവിധാനം</u>

1056 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ഫലം വളരെ വേഗത്തിൽ പൂർത്തിയാക്കിയിട്ടും പ്ലസ് വൺ പ്രവേശന നടപടികൾ ഏറെ നീണ്ടുപോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) പ്ലസ് വൺ പ്രവേശന നടപടികൾ നീണ്ടു പോയതിനാൽ കേരള സിലബസിൽ പഠിച്ചു പാസായ കുട്ടികളുടെ അവസരങ്ങൾ നഷ്ടമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്ലസ് വൺ പ്രവേശന നടപടികൾ എന്നേക്കു പൂർത്തീകരിക്കാനുകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്ലസ് വൺ പ്രവേശനത്തിനുള്ള ഓൺലൈൻ സംവിധാനം എല്ലാ സ്കൂളുകളിലും സജ്ജമാക്കിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത സംവിധാനം ആയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) കമ്പ്യൂട്ടർ സംവിധാനത്തിലെ അപാകതമൂലം നിരന്തരം പ്ലസ് വൺ രജിസ്ട്രേഷൻ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ആയതിന് നടപ്പിലാക്കിയിരിക്കുന്ന ബദൽ സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

പ്ലസ് വൺ പ്രവേശനത്തിനുള്ള ഏകജാലക സംവിധാനം

1057 ശ്രീ. കെ.രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കറി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ ഓൺ ലൈനായി സ്വീകരിച്ചു തുടങ്ങിയെങ്കിലും പ്രോസ്പെക്ടസ് (അച്ചടിച്ച വിവര പത്രിക) വിതരണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) അച്ചടിച്ച വിവരപത്രിക ലഭിക്കാത്തതുമൂലം ഏകജാലക രീതിയുടെ നിബന്ധനകൾ വിദ്യാർത്ഥികൾക്ക് വായിച്ചു മനസിലാക്കുവാൻ കഴിയുന്നില്ലെന്ന പരാതി കൾ ലഭിച്ചിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിന് സത്വരനടപടികൾ സ്വീക രിക്കുമോ;

(ഡി) ഏകജാലക പ്രവേശനത്തിനുള്ള നിബന്ധനകൾ സങ്കീർണ്ണമായിരിക്കെ ഇന്റർനെറ്റ് സൗകര്യമില്ലാത്ത പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അപേക്ഷ നൽകുന്നതി നുള്ള ബുദ്ധിമുട്ടും സാമ്പത്തിക ബാധ്യതയും പരിഗ ണിച്ച് സ്കൂളുകളിൽ സഹായകേന്ദ്രങ്ങൾ ആരംഭിക്കു ന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിലേക്ക് അദ്ധ്യാപകർക്ക് ചുമതല നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

എസ്.എസ്.എൽ.സി. പരീക്ഷ പാസായവരുടെ പ്ലസ് വൺ, ഹയർ സെക്കണ്ടറി പ്രവേശനം

1058 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ തൃശൂർ ജില്ല മുതൽ കാസർഗോഡ് ജില്ലവരെയുള്ള വിദ്യാർത്ഥികളിൽ എത്ര പേരാണ് കേരള സിലബസിൽ ഉപരിപഠന യോഗ്യത നേടിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലകളിൽ ഉപരിപഠനത്തിനായി ആകെ എത്ര പ്ലസ് വൺ സീറ്റുകൾ നിലവിലുണ്ട് ; നിലവിലെ കണക്കു പ്രകാരം എത്ര കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയാതെ വരും ; വിശദമാക്കുമോ ;

(സി) എല്ലാവർക്കും പ്രവേശനം ലഭിക്കുന്നതിന് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) പുതിയ സ്കൂളുകളും പുതിയ ബാച്ചുകളും അനുവദിക്കുന്നുണ്ടെങ്കിൽ മതിയായ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി പ്രവേശന നടപടികൾ</u>

1059 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലം പ്രസിദ്ധീകരിച്ച് എത്ര ദിവസങ്ങൾക്കു ശേഷമാണ് ഹയർ സെക്കന്ററി പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കന്ററി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഹയർ സെക്കന്ററി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ വന്ന കാലതാമസം കാരണം എസ്.എസ്.എൽ.സി. ഫലം നേരത്തേ പ്രസിദ്ധീകരിച്ചതുമൂലം ലഭിക്കുമായിരുന്ന ഗുണം വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ടതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം പ്ലസ്വൺ വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

എല്ലാ പഞ്ചായത്തിലും ഹയർസെക്കന്ററി സ്കൂൾ

1060 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകൾ നിലവിലില്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും ഹയർസെക്കന്ററി സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ബാലരാമപുരം ഹയർ സെക്കണ്ടറി സ്കൂളിലെ സാമ്പത്തിക തിരിമറി</u>

1061 ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ കോഷൻ ഡിപ്പോസിറ്റ്, സ്പെഷ്യൽ ഫീസ്, നിയമവിരുദ്ധമായി പി. ടി.. എ. ഫണ്ട് കളക്ഷൻ എന്നീ ഇനത്തിൽ നടന്ന സാമ്പത്തിക അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ വകുപ്പ് ഡയറക്ടർ, സെക്രട്ടറി എന്നിവർ സ്വീകരിച്ച നടപടിയുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഓഡിറ്റ് പ്രകാരം ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ട പ്രിൻസിപ്പളിനെതിരെ പ്രാധമികമായിപോലും നടപടി സ്വീകരിക്കാത്തതിന്റെകാരണം വ്യക്തമാക്കുമോ;

(സി) ഗുരുതരമായ സാമ്പത്തിക കുറ്റം നടന്നിട്ടും ഉത്തരവാദികളെ അവരുടെ സ്ഥാനത്ത് തുടരുവാൻ അനുവദിക്കുന്നത് തെളിവ് നശിപ്പിക്കുന്നതിനും അന്വേഷണം അട്ടിമറിക്കുന്നതിനും സാദ്ധ്യതയുണ്ടാക്കുമെന്നുള്ള വിവരം വകുപ്പ് മേധാവി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സാമ്പത്തിക തിരിമറി നടത്തിയതും വ്യാജരേഖ ചമച്ചതും സംബന്ധിച്ച വിവരങ്ങൾ വകുപ്പ്മേധാവി പോലീസിൽ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സാമ്പത്തിക തിരിമറി നടത്തിയ ഉദ്യോഗസ്ഥരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>തെക്കേക്കര പഞ്ചായത്തിൽ ഹയർ സെക്കന്ററി സ്കൂളിന്റെ സ്ഥാപനം</u>

1062 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര പഞ്ചായത്തിൽ ഹയർ സെക്കന്ററി സ്കുളുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തേക്കേക്കര പഞ്ചായത്തിൽ ഹയർ സെക്കന്ററി സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഹയർ സെക്കന്ററി അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പുതിയ ഹയർസെക്കന്ററി സ്കൂളുകൾക്കുള്ള അനുവാദം</u>

1063 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയ ഹയർ സെക്കന്ററി സ്കൂളുകൾക്ക് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയ സ്കൂൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഈ വർഷം പുതിയതായി പ്ലസ്ടൂ ബാച്ചുകൾ അനുവദിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര സ്കൂളുകളാണ് ഇതിനായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കൽ</u>

1064 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളോ സ്കൂളുകളിൽ അധിക ബാച്ചുകളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ സ്കൂളുകളിലാണ് അധിക ബാച്ച് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ സ്വീകരിച്ചിട്ടും പുതിയ ബാച്ചുകൾ ആരംഭിക്കാത്തത് ഹയർ സെക്കണ്ടറി മേഖലയിൽ അനിശ്ചിതത്വമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2014–ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

1065 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ജിയോളജി, കോമേഴ്സ് പോലെ കൂടുതൽ തൊഴിൽ സാദ്ധ്യതകളുള്ള കോഴ്സുകൾ അവഗണിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്താകെ 'ജിയോളജി' മുഖ്യവിഷയമായി കോഴ്സ് പഠിപ്പിക്കുന്ന എത്ര ഹയർ സെക്കണ്ടറി വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>എ. ഐ. സി. റ്റി. ഇ. യുടെ മേഖലാ ഓഫീസ്</u>

1066 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ജോസഫ് വാഴക്കൻ
'' എം. പി. വിൻസെന്റ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ.സി.റ്റി.ഇ.യുടെ മേഖല ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസ് വഴി എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും നിയന്ത്രണത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനം മൂലം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഓഫീസിന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>സ്കോളർ സപ്പോർട്ട് പ്രോഗ്രാം</u>

1067

ശ്രീ. എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാല</u>

1068 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

വ്യാജസാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ

1069 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകാരമില്ലാത്ത സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളെ വ്യാജകോഴ്സുകളിലേയ്ക്ക് ആകർഷിക്കുന്ന ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വിദ്യാർത്ഥികളുടെ ഭാവി നഷ്ടപ്പെടുത്തുന്ന ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും നടത്തിപ്പുകാർക്ക് അർഹമായ ശിക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>ഇ-സാക്ഷരതാ പദ്ധതി</u>

1070 ശ്രീ. റ്റി.എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സംരംഭകത്വ വികസന ക്ലബ്ബുകൾ</u>

1071 ശ്രീ. വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കുമോ;

(സി) ആയതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ക്ലബ്ബുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>റൂസ പദ്ധതി</u>

1072

ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ ഗുണമേന്മ ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ (ആർ.യു.എസ്.എ) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

റൂസ പദ്ധതി ഫണ്ട് വിനിയോഗം

1073 ശ്രീ. വി. ശിവൻകുട്ടി
'' പി. ശ്രീരാമകൃഷ്ണൻ
'' റ്റി. വി. രാജേഷ്
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ വികസനത്തിനായുള്ള കേന്ദ്ര പദ്ധതിയായ റൂസയുടെ ഫണ്ട് സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) റൂസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് കേന്ദ്രം പ്രത്യേക സഹായം അനുവദിച്ചിരുന്നോ ; എന്തു തുകയാണ് അനുവദിച്ചത് ; അനുവദിച്ച തുക പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ ;

(സി) റൂസ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ട് എത്രയായിരുന്നുവെന്നും ഇത് നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) കേന്ദ്രം അനുവദിക്കുന്ന റൂസ ഫണ്ടിന് ആനുപാതികമായി സംസ്ഥാന വിഹിതം നീക്കിവെക്കേണ്ടതുണ്ടോ ; എങ്കിൽ കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതത്തിന്റെ അനുപാതം എത്രയാണ് ; സംസ്ഥാന സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ വകുപ്പിൻകീഴിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1074 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം;

(ബി) ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുക എത്രയെന്നും, അനുവദിച്ച തുക ലഭിക്കുകയുണ്ടായോയെന്നും, ലഭിച്ചെങ്കിൽ എന്ത് തുക ചെലവായി എന്നും അറിയിക്കാമോ;

(സി) തുക മുഴുവൻ വിനിയോഗിക്കാനായില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ വകുപ്പിലെ നടപ്പിലാക്കാൻ കഴിയാതെപോയ പദ്ധതികൾ</u>

1075 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള തുക ബജറ്റിൽ വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(സി) പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകൾ സംബന്ധിച്ച വിവരം</u>

1076 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്വാശ്രയ മേഖലകളിൽ സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് മേഖലയിൽ ആകെ എത്ര സീറ്റുകൾ വീതമുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിൽ കഴിഞ്ഞ അദ്ധ്യായന വർഷവും, ഈ അദ്ധ്യയന വർഷവും എത്ര സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് വിശദമാക്കുമോ;

(ഡി) സ്വാശ്രയ കോളേജുകളുടെ ഗുണനിലവാരം പരിശോധിക്കാൻ കഴിയുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലുള്ള വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണം</u>

1077 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ വിദ്യാഭ്യാസ വകുപ്പിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമുണ്ടോ; ഉണ്ടെങ്കിൽ ഏതു തരത്തിലുള്ള നിയന്ത്രണമാണ് വകുപ്പിനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഫീസ് നിർണയത്തിൽ വകുപ്പിന് ഏതുതരത്തിലുള്ള സ്വാധീനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയാ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് വർദ്ധന</u>

1078 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എൻഞ്ചിനിയറിംഗ് കോളേജുകളിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവരുടെ ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഫീസ് വർദ്ധിപ്പിക്കുന്നതിന് ആധാരമായ കാരണങ്ങൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ – എൻജിനീയറിംഗ് പ്രവേശനം</u>

1079 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വാശ്രയ മെഡിക്കൽ / എൻജിനീയറിംഗ് പ്രവേശനത്തിന് മാനേജ്മെന്റുകളുമായി കരാറിലേർപ്പെടാൻ ഉണ്ടാകുന്ന കാലതാമസം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഉളവാക്കുന്ന ആശങ്കകൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളും വിജയ ശതമാനവും</u>

1080 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ നിലവിൽ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ആയവയിലെല്ലാം കൂടി എത്ര സീറ്റുകൾ ഉണ്ട്; കഴിഞ്ഞ അദ്ധ്യയനവർഷം പ്രവേശനം നേടാതെ കിടക്കുന്ന സീറ്റുകളെത്ര;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ശരാശരി വിജയശതമാനം എത്ര;

(ഡി) ഓരോ കോളേജുകളിലെയും കഴിഞ്ഞ അദ്ധ്യയന വർഷത്തെ വിജയശതമാനം എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

യു. ജി. സി. റെഗുലേഷൻ - 2010

1081 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. യുടെ 2010 ലെ റെഗുലേഷൻ 13(1) പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സ്ഥിരം അദ്ധ്യപകരുടെ സേവന വേതന വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ടോ; ഈ റഗുലേഷൻ കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് അംഗീകരിച്ചിതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റഗുലേഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ അദ്ധ്യാപകർക്കു ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(സി) 2010-ലെ റഗുലേഷൻ പ്രകാരം മുൻകാല പ്രബല്യത്തോടെ പ്രസ്തുത വേതനം നല്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് കോളേജ് അദ്ധ്യാപക നിയമനങ്ങളിലെ സംവരണം</u>

1082 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എയ്ഡഡ് കോളേജുകളാണ് നിലവിലുള്ളത്; കോളേജുകളുടെ പേര് സഹിതം ജില്ല തിരിച്ച് പട്ടിക ലഭ്യമാക്കുമോ;

(ബി) ഓരോ കോളേജിലും അനുവദിച്ചിട്ടുള്ള അദ്ധ്യാപകരുടെ എണ്ണം ഡിപ്പാർട്ട്മെന്റ് തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ യു.ജി.സി. നിരക്കിൽ ശമ്പളം ലഭിക്കുന്നവർ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ ശമ്പളം കൊടുക്കുന്ന എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് സംവരണതത്വം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

(ഡി) യു.ജി.സി നിയമനം അനുസരിച്ച് ശമ്പളം നൽകുന്ന കോളേജുകളിൽ സംവരണതത്വം പാലിക്കണം എന്നിരിക്കെ ആയതിനെ മറികടക്കാൻ മാനേജ്മെന്റുകൾക്ക് കഴിയുന്നത് എപ്രകാരമെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾ യു.ജി.സിയ്ക്ക് നൽകുന്ന റിപ്പോർട്ടുകളിൽ കോളേജ് അധ്യാപക നിയമനത്തിന് യോഗ്യത ഉള്ളവരായി പട്ടിക വിഭാഗത്തിൽപ്പെടുന്നവർ ആരും ഇല്ലെന്ന് റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ആയതുമൂലം, യോഗ്യത നേടിയ നിരവധി പട്ടിക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജോലി നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) യു.ജി.സി നിയമം അനുസരിച്ച് സംവരണ വിഭാഗത്തിൽപ്പെടുന്നവർക്ക് എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>യു. ജി. സി. യുടെ ആറാം ശമ്പള പരിഷ്കരണം</u>

1083 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. യുടെ ആറാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ശമ്പള കുടിശ്ശികയുടെ എത്ര ഗഡു ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കി ഗഡുക്കൾ അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്നും ഒന്നാം ഗഡുവിന് അനുവദിച്ചിട്ടുള്ള കേന്ദ്ര വിഹിതം ലഭ്യമായോ എന്നും അറിയിക്കുമോ;

(ബി) യു. ജി. സി. യുടെ ആറാം ശമ്പളപരിഷ്കരണ പദ്ധതിയനുസരിച്ചുള്ള സ്ഥാനക്കയറ്റം അദ്ധ്യാപകർക്ക് ലഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(സി) മ്യൂസിക് കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി നിരക്കിലുള്ള ശമ്പളം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2010 ഡിസംബറിനു ശേഷം സർവ്വീസിൽ പ്രവേശിച്ച ഗവ. കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസേഷൻ നടക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം</u>

1084 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാനത്തെ അംഗീകൃത രാഷ്ട്രീയ പാർട്ടികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുമായിട്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ മാനേജ്മെന്റുകളുടെ ഏതൊക്കെ കോളേജുകൾക്കും സർക്കാർ/എയ്ഡഡ് കോളേജുകൾക്കുമാണ് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുള്ളത്;

(ഇ) സ്വയംഭരണ കോളേജുകൾ സംബന്ധിച്ച് കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ പ്രൊ. നൈനാൻ കോശി സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവോ; എങ്കിൽ ഇതിന്മേൽ നയം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നിലനിൽക്കുന്ന വിദ്യാഭ്യാസ പുരോഗതി സംവരണമടക്കമുള്ള പിന്നോട്ടേക്ക് എത്തിക്കുന്ന സംവിധാനമാണ് സ്വയംഭരണ കോളേജുകൾ എന്ന പരാതി വിവിധ വിദ്യാർത്ഥി സംഘടനകളും, രാഷ്ട്രീയ കക്ഷികളും, വിദ്യാഭ്യാസ വിചക്ഷണരും ഉന്നയിച്ച സാഹചര്യത്തിൽ ഇവരെ ഉൾപ്പെടുത്തി ഒരു പഠനം നടത്തി റിപ്പോർട്ട് വാങ്ങിയ ശേഷം ഈ സംവിധാനം നടപ്പിലാക്കിയാൽ മതിയെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

ബി. എഡ്. കോളേജുകൾ സംബന്ധിച്ച വിവരം

1085 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയനവർഷം സംസ്ഥാനത്താകെ എത്ര ബി. എഡ് സീറ്റുകൾ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടന്നു വെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകൾ, സ്വകാര്യ കോളേജുകൾ എന്നിവ തരംതിരിച്ച് ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം ലഭ്യമാക്കാമോ;

(സി) പുതിയതായി ബി.എഡ് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നയം എന്താണ്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരണം</u>

1086 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ആസ്ഥാനവും ഘടനയും വ്യക്തമാക്കാമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെക്കൂടി പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പരിധിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിന് യു. ജി. സി. നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>കാലിക്കറ്റ് സർവ്വകലാശാലാ കോളേജുകളുടെ പ്രവൃത്തി സമയം</u>

1087 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലാ പരിധിക്കുള്ളിലെ കോളേജുകളുടെ പ്രവർത്തന സമയം 8.30 മുതൽ 1.30 വരെയായി തീരുമാനിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; സമയമാറ്റത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) ഉച്ചയ്ക്ക് 1.30 ന് ശേഷമുള്ള സമയത്ത് സ്വാശ്രയ കോഴ്സുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഡോ. പി. വി. ജോർജിന്റെ അഡ്വാൻസ് ഇൻക്രിമെന്റ് അപേക്ഷ

1088 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാനിയേസ് കോളേജിൽ നിന്നും റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 34180/സി3/2012/ഹയർ എഡ്യൂക്കേഷൻ നമ്പർ ഫയൽ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നുവോ;

(ബി) ധനകാര്യ വകുപ്പിന്റെ 42037/ഇ.ഡി.എൻ.സി2/ഫിൻ ഫയലിൽ പ്രസ്തുത കേസ്സിൽ തീരുമാനം എടുക്കുന്നതിനായി ആവശ്യമായ വിശദാംശങ്ങൾ സഹിതം പുനഃസമർപ്പിക്കുവാൻ പ്രസ്തുത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവോ; ധനകാര്യ വകുപ്പിന് ആവശ്യമായ വിശദാംശങ്ങൾ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

മെഡിക്കല്‍ എന്‍ട്രന്‍സും പട്ടികവിഭാഗ സംവരണവും

1089 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷത്തെ മെഡിക്കല്‍ എന്‍ട്രന്‍സ് റാങ്ക് ലിസ്റ്റില്‍ പട്ടിക വിഭാഗത്തില്‍പ്പെട്ട എത്ര കുട്ടികളാണ് യോഗ്യത നേടിയിട്ടുള്ളത്;

(ബി) ഇവര്‍ക്കായി പ്രൊഫഷണല്‍ മെഡിക്കല്‍ സ്ഥാപനങ്ങളില്‍ എത്ര സീറ്റുകളാണ് സംവരണം ചെയ്തിട്ടുള്ളത്;

(സി) യോഗ്യത നേടിയിട്ടും റാങ്ക്ലിസ്റ്റില്‍ ഉള്‍പ്പെടുത്താതെ പട്ടികവിഭാഗത്തില്‍പ്പെട്ട കുട്ടികളെ മാറ്റി നിര്‍ത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്ര പേരെയെന്നും എന്തുകാരണത്താലാണ് ഇവരെ റാങ്ക് ലിസ്റ്റില്‍ ഉള്‍പ്പെടുത്താതിരുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) മിശ്ര വിവാഹിത ദമ്പതിമാരില്‍ ഭര്‍ത്താവ് പട്ടിക വിഭാഗക്കാരനാണെങ്കില്‍ അവരുടെ കുട്ടികള്‍ക്ക് പട്ടിക വിഭാഗത്തിലുള്ള ആനുകൂല്യം നല്‍കാമെന്ന ഉത്തരവ് നിലനില്‍ക്കേ പ്രസ്തുത വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികളെ റാങ്ക് ലിസ്റ്റില്‍ ഉള്‍പ്പെടുത്താതെ മാറ്റി നിര്‍ത്തി എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത നടപടി തിരുത്തി യോഗ്യതമാര്‍ക്കിന്റെ അടിസ്ഥാനത്തില്‍ പ്രസ്തുത വിഭാഗത്തില്‍പ്പെടുന്ന മുഴുവന്‍ കുട്ടികളേയും റാങ്ക് ലിസ്റ്റില്‍ ഉള്‍പ്പെടുത്താന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ പോകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം</u>

1090 ശ്രീ. വി. എസ്. സുനില്‍ കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സര്‍വ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിലും കോളേജുകളിലും പഠിപ്പിക്കുന്ന ഗസ്റ്റ് അദ്ധ്യാപകര്‍ക്ക് മണിക്കൂറിന് ആയിരം രൂപ നിരക്കില്‍ വേതനം നല്‍കണമെന്ന യു.ജി.സി നിര്‍ദ്ദേശമനുസരിച്ച് സര്‍ക്കാര്‍ പുറപ്പെടുവിച്ച ഉത്തരവ് കേരള സര്‍വ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളില്‍ ബാധകമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാവകാശം</u>

1091 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിലൂടെ എന്ത് നേട്ടം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തനമാരംഭിച്ച സ്വയംഭരണ കോളേജുകളുടെ നിലവാരം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(സി) സ്വയംഭരണ കോളേജുകളിൽ പുതുതായി ആരംഭിക്കുന്ന കോഴ്സുകളുടെ ബാദ്ധ്യത സർക്കാർ വഹിക്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ ഭാവിയിൽ ഈ കോളേജുകൾ സ്വാശ്രയ കോളേജുകളായി മാറാനുള്ള സാധ്യത മുന്നിൽ കണ്ടിട്ടുണ്ടോ ;

(ഡി) ഈ പരിഷ്കാരം സമൂഹത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) സ്വാശ്രയ കോളേജുകൾക്ക് സ്വയംഭരണം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) അദ്ധ്യാപക സംഘടനകൾ, വിദ്യാഭ്യാസ വിചക്ഷണന്മാർ, വിദ്യാർത്ഥി സംഘടനകൾ എന്നിവരുമായി ഈ വിഷയം ചർച്ച ചെയ്ത് സമവായത്തിലെത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ജി) സ്വയംഭരണ കോളേജുകൾക്കെതിരെ വ്യാപകമായി ഉയർന്നുവരുന്ന പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>എയ്ഡഡ് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ</u>

1092 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളിലേയും, എയ്ഡഡ് കോളേജുകളിലെയും ജീവനക്കാരുടെ കുറവും പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ടിരുന്ന പ്രൊഫ. രവീന്ദ്രനാഥ് ചെയർമാനായുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റിപ്പോർട്ടിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, ഉന്നതവിദ്യാഭ്യാസ വകുപ്പ് മേധാവി എന്നിവർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) 1998 ന് ശേഷം അനുവദിച്ച കോഴ്സുകൾക്ക് ആനുപാതികമായി എയ്ഡഡ് കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിച്ചുണ്ടോ;

(ഡി) ഇല്ലായെങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014–ലെ മറുപടിക്ക്

<u>സർക്കാർ കോളേജുകളിൽ പുതിയ തസ്തികകൾ</u>

1093 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചേലക്കര മണ്ഡലത്തിൽ പ്രവർത്തനമാരംഭിച്ച ഗവ: കോളേജിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് സർക്കാർ ഉത്തരവ് സഹിതം വ്യക്തമാക്കാമോ;

(ഡി) ഈ അദ്ധ്യയനവർഷാരംഭത്തിൽതന്നെ, അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകരുടെ നിയമനം</u>

1094 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജ് / യൂണിവേഴ്സിറ്റിതലത്തിൽ എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട് ലക്ചറർമാരുടെ നിയമനം സംബന്ധിച്ച് നാളിതുവരെ ഇറങ്ങിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ നിയമനങ്ങൾക്ക് സംവരണം ഉറപ്പാക്കാൻ പ്രസ്തുത ഉത്തരവുകളിൽ വ്യവസ്ഥയുണ്ടോ;

(സി) ഇത്തരത്തിൽ നിയമനം ലഭിച്ചവർക്ക് ഈ സേവനകാലയളവ് തുടർന്നുള്ള നിയമനങ്ങളിലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പരിഗണിക്കാൻ ഉത്തരവ് നിലവിലുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേട്</u>

1095 ശ്രീ. സി. മമ്മുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേട് സംബന്ധിച്ച് ഏറ്റവും ഒടുവിലുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) വിധി പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാമാണ് ഇനിയും നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ നിയമനം ലഭിച്ചവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനം</u>

1096 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ നിയമനത്തിനുള്ള റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ മുൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും ഏതെല്ലാം കാലയളവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകിയെന്നും വ്യക്തമാക്കുമോ;

(സി) താൽക്കാലികാടിസ്ഥാനത്തിൽ ഈ തസ്തികയിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ താൽക്കാലിക നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കോളേജുകളിൽ പുതിയ കോഴ്സുകൾ</u>

1097 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഏതെല്ലാം കോളേജുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഏതെല്ലാം കോഴ്സുകളാണെന്നും വിശദമാക്കാമോ;

(ബി) ആറ്റിങ്ങൽ ഗവ: കോളേജിൽ ഏതെല്ലാം കോഴ്സുകൾ പുതിയതായി തുടങ്ങുവാനാണ് യൂണിവേഴ്സിറ്റി ശുപാർശ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഗവ. കോളേജുകളിലെ ഓണേഴ്സ് കോഴ്സ്

1098 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് കോളേജുകളിൽ ഓണേഴ്സ് കോഴ്സ് തുടങ്ങിയിട്ടുണ്ട്; പ്രസ്തുത കോഴ്സ് ആരംഭിക്കാനുള്ള സാഹചര്യം വിശദീകരിക്കാമോ;

(ബി) നിലവിലുള്ള കോഴ്സുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഓണേഴ്സ് കോഴ്സ് പഠിപ്പിക്കുന്നത് കരാർ അടിസ്ഥാനത്തിലുള്ള അദ്ധ്യാപകരാണോ; ഇതിനായി സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ഡി) കോഴ്സ് കോ-ഓർഡിനേറ്ററായി കോളേജിലെ വകുപ്പ് മോധാവിക്കു പകരം വിരമിച്ച ആദ്ധ്യാപകരെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ</u>

1099 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം 'നാക് റീ അക്രിഡറ്റേഷൻ' വിസിറ്റ് നടക്കുന്ന ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ എം.എ. ഇംഗ്ലീഷ്, ബി.എസ്.സി. ഫിസിക്സ്, എം.കോം ഫൈനാൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ യു.ജി.സി.യിൽ നിന്നുള്ള ധനസഹായത്താൽ വിദ്യാർത്ഥിനികൾക്കായി നിർമ്മിച്ച വനിതാ ഹോസ്റ്റൽ പണിപൂർത്തിയാക്കി ഒരു വർഷം പിന്നിട്ടിട്ടും ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ലാത്തതിനാൽ ഇനിയും പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹോസ്റ്റൽ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പുതിയ കോളേജുകളിലെ തസ്തിക/നിയമനം</u>

1100 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പുതുതായി ആരംഭിച്ച കോളേജുകളിൽ ആവശ്യമായ തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തികാധികാരമുള്ള കോളേജ് പ്രിൻസിപ്പലിന്റെ അഭാവം ഭരണനിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ;

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിനും ഈ വർഷം തന്നെ നിയമനം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>ഗവണ്‍മെന്റ് കോളേജ് ഹോസ്റ്റല്‍ ജീവനക്കാരുടെ നിയമനം</u>

1101 ശ്രീ. എ പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറ്റിങ്ങല്‍, കോട്ടയം, ചാലക്കുടി, കോഴിക്കോട്, മാനന്തവാടി എന്നീ ഗവണ്‍മെന്റ് കോളേജുകളില്‍ പുതുതായി നിര്‍മ്മിച്ച ഹോസ്റ്റലുകളില്‍ ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാല്‍ തുറന്നു പ്രവര്‍ത്തിക്കാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ഹോസ്റ്റലുകളിലേയ്ക്ക് വേണ്ട ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഗവണ്‍മെന്റു കോളേജുകളിലെ സ്റ്റാഫ് മുറികളില്‍ സി.സി.ടി.വി. ക്യാമറകള്‍ സ്ഥാപിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരമൊരു നിര്‍ദ്ദേശം കോളേജ് വിദ്യാഭ്യാസ ഡയറക്ടര്‍ക്ക് നല്‍കിയിട്ടുണ്ടോ എന്നറിയിക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാസറഗോഡ് ഗവ. കോളേജിന് സ്പെഷ്യൽ ഗ്രേഡ്</u>

1102 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സ്പെഷ്യൽ ഗ്രേഡ് കോളേജുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ കോളേജുകൾക്ക് സ്പെഷ്യൽ ഗ്രേഡ് പദവി നൽകിയത് എന്നാണെന്നും അതിനായി സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ;

(സി) സ്പെഷ്യൽഗ്രേഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡം പാലിക്കുന്ന എത്ര കോളേജുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കോളേജുകളുടെ പട്ടികയിൽ കാസറഗോഡ് ഗവ. കോളേജ് അർഹത നേടിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രസ്തുത കോളേജിന് സ്പെഷ്യൽ ഗ്രേഡ് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) കാസറഗോഡ് ഗവ. കോളേജിന് സ്പെഷ്യൽ ഗ്രേഡ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇതു സംബന്ധമായി എത്ര നിവേദനങ്ങൾ ആരിൽ നിന്നെല്ലാം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ ആർട്സ് കോളേജ്</u>

1103 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ആർട്സ് കോളേജിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടും തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

(ബി) കോളേജിന്റെ പ്രവർത്തനം ഈ വരുന്ന അദ്ധ്യയന വർഷത്തിൽ തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സം ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ചേലക്കര ഗവ. പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ</u>

1104 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ രണ്ട് പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ 2010-ൽ എ.ഐ.സി.റ്റി.ഇ അംഗീകാരം നൽകിയിരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കിയിട്ടുള്ള പ്രസ്തുത സ്ഥാപനത്തിൽ ഇതേവരെ ഈ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്തതെന്തുകൊണ്ടെന്ന് അറിയിക്കുമോ;

(സി) പിന്നോക്കമേഖലയിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിൽ രണ്ട് കോഴ്സുകളും ഈ അദ്ധ്യയനവർഷം തന്നെ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>പരപ്പയിൽ പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം</u>

1105 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പരപ്പ ആസ്ഥാനമായി പോളിടെക്നിക് കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകൾ കമ്മ്യൂണിറ്റി കോളേജുകൾ ആക്കാൻ പദ്ധതി</u>

1106 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകൾ കമ്മ്യൂണിറ്റി കോളേജുകളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>തിരൂരങ്ങാടി പോളിടെക്നിക് മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് നടപടി</u>

1107 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തിരൂരങ്ങാടി പോളിടെക്നിക്, ചേളാരി എന്ന സ്ഥാപനം വിവിധ കോഴ്സുകളോടുകൂടി ഒരു എഞ്ചിനീയറിംഗ് കോളേജായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിക്കപ്പെട്ട നിവേദനങ്ങളിൽ എന്തു നടപടിയാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളത്;

(സി) 'അവുഖാദർകുട്ടിനഹ' സ്മാരകമായി അറിയപ്പെടുന്ന ഈ സ്ഥാപനം ഒരു മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ?